# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 51 — 27.02.2017-ൽ മറുപടി നൽകേണ്ടത്.

### ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം

**ചോദ്യം**
**ശ്രീ.പി.കെ.ശശി**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഐ.എ.എസ് ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ഫയൽ നീക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടുവോ; | (എ), (ബി) & (സി) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 30.01.2017-ൽ കുറിപ്പ് നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ കിട്ടുമ്പോൾ ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മന്ത്രിമാർ തീർപ്പാക്കുന്ന ഫയലുകൾ പോലും ഇവരുടെ നിസ്സഹകരണം കാരണം ആഴ്ചകളുടെ മാസങ്ങളും വൈകുന്നത് സാധാരണ ജനവിഭാഗങ്ങൾക്കും സർക്കാരിന്റെ പ്രവർത്തനങ്ങൾക്കും കാലതാമസമുണ്ടാക്കുന്നതും, ദുരിതാശ്വാസം പോലും സമയത്തു ലഭിക്കാത്ത അവസ്ഥയും മറ്റു കാതലായ പ്രശ്നങ്ങളും സംഭവിക്കുമെന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | ഉദ്യോഗസ്ഥർ സമയബന്ധിതമായി ഫയലുകൾ അയയ്ക്കുന്നുണ്ടോ എന്ന് ഐ.എ.എസ് ഉദ്യോഗസ്ഥർ യഥാസമയം പരിശോധിക്കാനും ഉദ്യോഗസ്ഥർ സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമെങ്കിലും ഫയൽ കൃത്യസമയത്ത് അയയ്ക്കാനും അനാവശ്യ ക്വറികൾ ഇട്ട് ഫയൽ | | |

| | | | |
|---|---|---|---|
| | താമസിപ്പിക്കുന്നതും തടയുവാനായി എന്ത് അടിയന്തിര നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ; | | |
| (ഡി) | സർക്കാർ തീരുമാനങ്ങളും നടപടികളും അട്ടിമറിക്കാൻ ഉന്നതോദ്യോഗസ്ഥർ ഉൾപ്പെടെ കൂട്ടുനിൽക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ഡി) | സർക്കാർ തീരുമാനങ്ങൾ അട്ടിമറിയ്ക്കാൻ ഉന്നതോദ്യോഗസ്ഥർ ഉൾപ്പെടെ കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | കെ.എ.എസ് രൂപീകരണത്തിലെ സർക്കാർ നയം എന്ത് എന്നും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും രൂപീകരണം എപ്പോൾ നടപ്പാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ; | (ഇ) | 04.01.2017-ലെ G.O. (Ms)1/2017/P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (എഫ്) | സെക്രട്ടേറിയറ്റിൽ ഫയലുകളിൽ റഫർ മാനിയ എന്നുള്ള ഒരു പുതിയ സംസ്കാരം ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; ഇതവസാനിപ്പിക്കാൻ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | (എഫ്) | 'റഫർ മാനിയ' എന്ന സംസ്കാരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ